(ബി) ഓരോ പരിശോധനയും തമ്മിൽ എത്ര നാളത്തെ ഇടവേള ഉണ്ടാകാറുണ്ട് ;

(സി) സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ കേരള മണിലെന്റേഴ്സ് ആക്റ്റിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പലിശ ചുമത്തുന്നതായും അന്യായമായി പൊതുജനങ്ങളുടെ സ്വർണ്ണപണ്ടങ്ങൾ ലേലം ചെയ്തു എന്ന് വരുത്തി കവർന്നെടുക്കുന്നതായും സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(ഡി) സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കേരള മണിലെന്റേഴ്സ് ആക്റ്റ് സെക്ഷൻ 10 പ്രകാരം ഗവൺമെന്റ് നിയോഗിക്കുന്ന സെയിൽസ് ടാക്സ് ഓഫീസർമാരും ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും.

(ബി) പ്രത്യേകം നിഷ്ക്കർഷിച്ചിട്ടില്ല.

(സി) കേരള മണിലെന്റേഴ്സ് ആക്റ്റിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പലിശ ചുമത്തുന്നതായി പരാതികൾ ലഭിക്കുകയും അതിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്യായമായി പൊതുജനങ്ങളുടെ സ്വർണ്ണ പണ്ടങ്ങൾ ലേലം ചെയ്തു എന്ന് വരുത്തി കവർന്നെടുക്കുന്നതായി വിവരം ലഭിച്ചിട്ടില്ല.

(ഡി) അതിനാവശ്യമായ സന്ദർഭങ്ങളിൽ അത്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

നെല്ലിന്റെ താങ്ങുവില

7 (*213) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന് ഏറ്റവും ഒടുവിൽ നിശ്ചയിച്ച താങ്ങുവില എത്രയാണ് ;

(ബി) ഈ വില നെൽകർഷകർക്ക് ലാഭകരമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(സി) നെൽകർഷകർക്ക് അവരുടെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ സഹായധനം നല്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) കേന്ദ്ര ഗവൺമെന്റ് നെല്ലിന് തറവില നിശ്ചയിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനം ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില പ്രകാരം ഒരുകിലോ അരിക്ക് എന്തു വില വരുമെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) വിരിപ്പു സീസണിൽ വെള്ള അരിയുടെ നെല്ലിന് കിന്റലിന് 600 രൂപയും മട്ട അരിയുടെ നെല്ലിന് 650 രൂപയുമാണ് സർക്കാർ നിശ്ചയിച്ച വില.

(ബി) താരതമ്യേന മെച്ചപ്പെട്ട താങ്ങുവിലയാണെന്ന് കരുതുന്നു.

(സി) നെൽകർഷകർക്ക് കൃഷിയുടെ അടിസ്ഥാനത്തിൽ ഹെക്ടറിന് 350 രൂപ ബോണസ് നല്കി വരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തരംതിരിക്കാത്ത നെല്ല് കിന്റലിന് 490 രൂപയും ഒന്നാം ഗ്രേഡ് നെല്ലിന് കിന്റലിന് 520 രൂപയുമാണ്, 1999-2000 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ നെല്ലിന് നിശ്ചയിച്ച താങ്ങുവില.

(എഫ്) വെള്ള അരി കിലോവിന് ശരാശരി 10.75 രൂപയും മട്ട അരിക്ക് 11.50 രൂപയും വില വരുമെന്ന് കണക്കാക്കുന്നു.

സംസ്ഥാനത്തെ ട്രെയിനുകളിലെ കാലപ്പഴക്കമുള്ള കോച്ചുകൾ

8 (*214) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകൾ കാലപ്പഴക്കം മൂലം നാശോന്മുഖമായ കോച്ചുകളാണ് ഉപയോഗിക്കുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഴയ കോച്ചുകളുടെ സ്ഥാനത്ത് ഉപയോഗയോഗ്യവും പുതിയതുമായ കോച്ചുകൾ ലഭ്യമാക്കുവാൻ നടപടിയെടുക്കുമോ ;

(സി) സംസ്ഥാനത്ത് അനുവദിച്ച പുതിയ കോച്ചുകൾ റെയിൽവേ പിൻവലിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തിന് നല്ല കോച്ചുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) പുതിയ കോച്ചുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കേരള മുഖ്യമന്ത്രി തന്നെ നേരിട്ടെഴുതിയിട്ടുണ്ട്.

(സി & ഡി) ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly